ഭരണഭാഷ — മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 —

Phone : 0471 2324951
0471 2325071
Tele FAX : 0471 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. ഡിബി4-531/2020/CMLRRP/സിഇ/തസ്വഭവ

തീയതി 02.06.2020

# പരിപത്രം

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - Training on CMLRRP MIS Application to Engineers in LSGD - സംബന്ധിച്ച്

സൂചന : സർക്കാരിൽ നിന്നുള്ള നിർദ്ദേശം.

CMDRF ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ (CMLRRP) ഉൾപ്പെടുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ monitoring ചെയ്യുന്നതിനും, ഫണ്ട് വിനിയോഗം കൈകാര്യം ചെയ്യുന്നതിനും Information Kerala Mission (IKM) ഒരു web application തയ്യാറാക്കിയിരിക്കുകയാണ്. ടി web application-ന്റെ ഉപയോഗം വിശദീകരിക്കുന്നതിനായി വീഡിയോ കോൺഫറൻസിംഗ് മുഖാന്തിരം പരിശീലനം നൽകുന്നതിനായി സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ **05.06.2020-ന് രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ** പരിശീലനം നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്.

പ്രസ്തുത Online പരിശീലന പരിപാടിയിൽ എല്ലാ കോർപ്പറേഷനുകളിലേയും സൂപ്രണ്ടിംഗ് എഞ്ചിനീയർ, മേഖലാ കാര്യാലയത്തിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എല്ലാ മുനിസിപ്പാലിറ്റികളിലേയും സാങ്കേതിക വിഭാഗം മേധാവിയും, എല്ലാ ജില്ലാപഞ്ചായത്തിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരാണ് പങ്കെടുക്കേണ്ടത്.

ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ അതാത് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സജ്ജീകരിക്കുന്ന Node-ൽ ഹാജരാകേണ്ടതാണ്. പരിശീലനം നൽകുന്നതിന്റെ ഭാഗമായി IKM-ൽ നിന്നുമുള്ള പ്രതിനിധികൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സജ്ജീകരിക്കുന്ന Node-ൽ ഹാജരാകുന്നതാണ്. കൂടാതെ ടി node-ൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഡിവിഷണൽ അക്കൗണ്ടന്റ് ഹാജരാകേണ്ടതാണ്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

**ടി പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ആവശ്യമായ Meeting ID, Online Meeting Software-ന്റെ പേര്, മറ്റു വിവരങ്ങൾ എന്നിവ ഈ കാര്യാലയത്തിൽ നിന്നും e-mail മുഖാന്തരം അറിയിക്കുന്നതാണ്.** ഈ കാര്യാലയത്തിൽ നിന്നും ടി വിവരങ്ങൾ അറിയിക്കുന്ന മുറയ്ക്ക് Web Cam facility ഉള്ള Laptop-ൽ Software install ചെയ്ത് സജ്ജമായിരിക്കുകയും, ഇതുമായി ബന്ധപ്പെട്ടുള്ള സംശയ ദൂരീകരണത്തിന് ഈ കാര്യാലയവുമായി ബന്ധപ്പെടേണ്ടതുമാണ്.

COVID-19 പകർച്ച വ്യാധിയുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്ന് ലഭ്യമായിട്ടുള്ള എല്ലാ മുൻകരുതലുകളും, പ്രതിരോധ നിർദ്ദേശങ്ങളും, പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പാലിച്ചിരിക്കണം.

ചീഫ് എഞ്ചിനീയർ